A

912

# സമഗ്ര ശിക്ഷാ, കേരളം

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2022-23

ക്ലാസ് : IX

# മലയാളം

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

## അടിസ്ഥാനപാഠാവലി

**നിർദേശങ്ങൾ**

- പതിനഞ്ച് മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം**

**(4 × 1 = 4)**

1. 'വയൽ താണ്ടി, കൊച്ചു കൈത്തോടു കടന്ന് ശങ്കരൻകുട്ടി ശാന്തമ്മയുടെ വീട്ടുപറമ്പിലൂടെ ഉത്സാഹത്തിൽ നടന്നു.' (കൊടിയേറ്റം)

തിരക്കഥയുടെ ഏതു സവിശേഷതയാണ് ഈ വരികളിൽ തെളിയുന്നത്?

- ദൃശ്യഭാഷ
- ഭാവാഭിനയം
- നാടകീയത
- സംഭാഷണം

2. "ക്രമേണ അയാൾ പോലുമറിയാതെ മനസ്സ് സദാപി ആ മോഹത്തെ ഉമ്മവച്ച് ഓമനിക്കാൻ തുടങ്ങി."

അടിവരയിട്ട പദത്തിന്റെ അർഥം കണ്ടെത്തുക.

- വേഗത്തിൽ
- ആഴത്തിൽ
- എല്ലായ്പ്പോഴും
- കൗതുകത്തോടെ

3. 'കൊടിയേറ്റം' എന്ന പദം പിരിച്ചെഴുതുന്നത് എങ്ങനെ?

- കൊടി, ഏറ്റം
- കൊടി, യേറ്റം
- കൊടി, എറ്റം
- കൊടി, അറ്റം

4. "ആ നീലനേത്രങ്ങളിൽനിന്നു പുറപ്പെട്ട രണ്ടു കണ്ണീർച്ചാലുകൾ കവിളിലൂടെ കീഴ്പോട്ടൊഴുകുകയാണ്." അടിവരയിട്ട പദത്തിന്റെ വിഗ്രഹാർഥം ഏത്?

- കണ്ണീരും ചാലുകളും
- കണ്ണീരിന്റെ ചാലുകൾ
- കണ്ണീർ പോലുള്ള ചാലുകൾ
- കണ്ണീരിലെ ചാലുകൾ

5. "ഒടുവിൽ കേശവൻനായർ ഒരു ചായയും സാറാമ്മ ഒരു കാപ്പിയും കുടിച്ചു. ചായയുടെയും കാപ്പിയുടെയും പേരിലുള്ള തർക്കം അവസാനിച്ചത് അങ്ങനെയാണ്."

ബഷീറിന്റെ 'പ്രേമലേഖന'ത്തിലെ ഈ വാക്യം ഇന്നത്തെ സമൂഹത്തിന് നൽകുന്ന തിരിച്ചറിവ് എന്താണ്?

- ഓരോരുത്തരുടെയും ഇഷ്ടങ്ങൾ അംഗീകരിക്കപ്പെടേണ്ടതുണ്ട്.
- തന്റെ ഇഷ്ടം മാത്രമാണ് ശരി.
- മറ്റുള്ളവരുടെ ഇഷ്ടം പരിഗണിക്കേണ്ടതില്ല.
- തന്റെ ഇഷ്ടം എല്ലാവരും പരിഗണിക്കണം.

**6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**
**2 സ്കോർ വീതം (4 × 2 = 8)**

6. "അഷ്ടകലാശം ചവിട്ടിക്കൊണ്ടായിരുന്നു വൃദ്ധന്റെ തുടക്കം." (അജഗജാന്തരം)

അടിവരയിട്ട പ്രയോഗം കഥാസന്ദർഭത്തിന് നൽകുന്ന സവിശേഷ അർഥം എന്ത്?

7. **അർഥവ്യത്യാസം വരാതെ രണ്ടു വാക്യമാക്കുക.**

മകൻ അകന്നകന്നു പോകുമ്പോൾ നെഞ്ചിൽനിന്ന് എന്തോ ഒന്നു വലിച്ചുചീന്തിയെടുക്കും പോലെ തോന്നുന്നു.

8. "എടീ വല്ലവന്റേം ആനയെ മേയ്ക്കണതിനേക്കാൾ നന്നല്ലേ തന്റേതായൊരു ആടിനെ മേയ്ക്കണത്!" (അജഗജാന്തരം)

നാണുക്കുട്ടിയുടെ ഈ വാക്കുകൾ നൽകുന്ന രണ്ട് അർഥസൂചനകൾ എഴുതുക.

**9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**
**4 സ്കോർ വീതം (4 × 4 = 16)**

9. "ഇങ്ങളാ ഇക്ക് ഉയിര് തന്നത്!' അവളുടെ ആ വാക്കും ഹസ്സന്റെ ചെവിയിൽ വീണു."

"ഒരഭൗമമായ പ്രകാശം ഹസ്സന്റെ ഉള്ളിലേക്ക് തള്ളിക്കയറി. അവൻ ആ പ്രകാശത്തിലേക്കു നോക്കിക്കൊണ്ടു നിന്നു; അവൾ അവന്റെ മുഖത്തേക്കും."

തന്നിരിക്കുന്ന സൂചനകളും പാഠഭാഗവും പരിഗണിച്ച് 'വെളിച്ചത്തിന്റെ വിരലുകൾ' എന്ന തലക്കെട്ടിന്റെ ഔചിത്യം വ്യക്തമാക്കുക.

10. "എന്റെ ഗ്രാമത്തിൽനിന്ന്, അവിടെ എനിക്കറിയാവുന്ന, എന്നോടൊപ്പം വളർന്ന, ജനങ്ങളിൽനിന്ന് ഉദ്ഭവിച്ച കഥയാണിത്." (അടൂർ ഗോപാലകൃഷ്ണൻ)

'കൊടിയേറ്റം' എന്ന തിരക്കഥാഭാഗത്ത് ഗ്രാമാന്തരീക്ഷം സൃഷ്ടിക്കാൻ അടൂർ ഗോപാലകൃഷ്ണൻ നൽകിയ സൂചനകൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

11. "ഇടിഞ്ഞുമറിഞ്ഞ ജബ്ബലിന്റെ ചേലിക്കാ ഇക്കിടപ്പ്!"

(വെളിച്ചത്തിന്റെ വിരലുകൾ)

മായൻ എന്ന കഥാപാത്രത്തിന്റെ അവസ്ഥ വ്യക്തമാക്കാൻ ഈ പ്രയോഗത്തിന് കഴിയുന്നുണ്ടോ? വിശദമാക്കുക. (ജബ്ബൽ = മല)

12. 'ചങ്ങല പിടിച്ച കൈകളിൽ കയറേന്തിയപ്പോൾ നാണുക്കുട്ടിക്ക് എന്തെന്നറിയാത്തൊരനുഭൂതി. ഒരു മൃദുലത, ഒരു ലഘിമ...'

'ഏറെനാൾ മൗനമായിരുന്നിട്ട്, ആന നടത്തുന്ന കൊലവിളിയേക്കാൾ ഭേദമാണ് പാതി വിടരാത്ത ഈ ചിണുക്കം.'

-ഈ സൂചനകൾ പരിഗണിച്ച് 'അജഗജാന്തരം' എന്ന കഥ നൽകുന്ന ജീവിതകാഴ്ചപ്പാടിനെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

13. 'ബാപ്പയും മകനും കീഴ്പ്പോട്ടു നോക്കി. നിശ്ശബ്ദത. രണ്ടുപേരും സ്വന്തം ആത്മാവിലേക്ക് തല തിരുകിക്കൊണ്ടായിരുന്നു നിന്നിരുന്നത്. അകത്ത് കലശലായ പ്രക്ഷോഭം; പുറത്തു പ്രശാന്തത. ആ പ്രശാന്തതയെ ദൂരെ നിന്ന് ചായച്ചപ്പുനുള്ളുകാരികളുടെ കലപിലശബ്ദവും കോൽമേസ്ത്രിമാരുടെ നിർദേശങ്ങളും കൂടെക്കൂടെ നുള്ളിനോവിപ്പിച്ചു.' (വെളിച്ചത്തിന്റെ വിരലുകൾ)

വിവിധങ്ങളായ ശബ്ദങ്ങളുടെ അവതരണം ശ്രദ്ധിച്ചല്ലോ. ബാപ്പയുടെയും മകന്റെയും മാനസികാവസ്ഥ ചിത്രീകരിക്കാൻ ഈ നോവൽഭാഗം എത്രമാത്രം സഹായകമായിട്ടുണ്ട്? വിശദമാക്കുക.

14. 'മോഹത്തിൽ നിലയറ്റ നാണുക്കുട്ടി രണ്ടും കല്പിച്ച് മഞ്ചാടിമനയ്ക്കലെ വലിയ തിരുമേനിയുടെ മുമ്പിൽ ചെന്ന് സ്വയം തളഞ്ഞുനിന്നു.'

'കാണിനേരംകൊണ്ട് നാണുക്കുട്ടിയുടെ ആശ ഒരു വിശേഷവാർത്തയായി നാടാകെ പറന്നു. കേട്ടവർ കേട്ടവർ ചുവടു മറന്നു നിന്നു.'

-നൽകിയ സന്ദർഭങ്ങൾ വിശകലനം ചെയ്ത് 'അജഗജാന്തരം' എന്ന കഥയുടെ ആഖ്യാന സവിശേഷത വ്യക്തമാക്കുക.

**15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**
**6 സ്കോർ വീതം (2 × 6 = 12)**

15. താഴെ കൊടുത്ത സൂചനകളും 'അജഗജാന്തരം' എന്ന കഥാഭാഗവും വിശകലനം ചെയ്ത് ആസ്വാദനക്കുറിപ്പ് തയാറാക്കുക.

- രൂപം മാത്രം നോക്കി വലുപ്പച്ചെറുപ്പം നിശ്ചയിക്കാനാവില്ല.
- മനുഷ്യർ എന്തിനേക്കാളും പ്രാധാന്യം നൽകുന്നത് സ്വാതന്ത്ര്യത്തിനാണ്.
- വ്യത്യസ്തമായി ചിന്തിക്കുന്നവരാണ് സമൂഹത്തിന്റെ മാതൃക.

16. "അമ്മ നിർബന്ധിച്ചാരുന്നെങ്കി ഉണ്ടേച്ചേ പോവത്തൊള്ളാരുന്നു."

ശാന്തമ്മ ശങ്കരൻകുട്ടി പോകുന്നതു നോക്കി പ്രേമപൂർവം നിന്നു.

തന്നിട്ടുള്ള സൂചനകളും 'കൊടിയേറ്റം' എന്ന പാഠഭാഗത്തിന്റെ ആശയവും പരിഗണിച്ച് 'സ്നേഹബന്ധങ്ങളുടെ ഊഷ്മളത കുടുംബങ്ങളിൽ' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

17. "ചെകുത്താനെയോ ദൈവത്തെയോ കണ്ടപോലെ അവൾ ഞെട്ടിപ്പോയി. ആ പ്രകാശമാനമായ കണ്ണുകൾ ഹസ്സന്റെ മുഖത്ത് അടിച്ചുതറച്ചപോലെ നിശ്ചലങ്ങളായി നിന്നു."

"ഇങ്ങളൊരു മനിസ്സനോ, മാലിക്കോ?" (വെളിച്ചത്തിന്റെ വിരലുകൾ)

നോവൽഭാഗത്തിലെ മറ്റു സന്ദർഭങ്ങൾകൂടി പരിഗണിച്ച് ഹസ്സൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.